**14-ാം കേരള നിയമ സഭ**

**10-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4479 21-03-2018 -ൽ മറുപടിയ്ക്ക്**

## 'ലിംബ് ഫിറ്റിംഗ്' സെൻ്ററുകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.എം. നൗഷാദ്** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിലും ജില്ലാ-താലൂക്ക് ആശുപത്രികളിലും പ്രവർത്തിക്കുന്ന 'ലിംബ് ഫിറ്റിംഗ്' സെൻ്ററുകളുടെ പ്രവർത്തനം നവീകരിക്കുന്നതു സംബന്ധിച്ച എന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) ആർട്ടിഫിഷ്യൽ ലിംബ് ഫിറ്റിംഗ് സെൻ്ററിൻ്റെ നവീകരണത്തിനായി 95 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.കൂടാതെ നവീനമായ ഉപകരണങ്ങളും മെഷീനറികളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് കൂടാതെ 2018-2019-ലെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ താലൂക്ക് ആശുപത്രികളിൽ പ്രവർത്തിക്കുന്ന ലിംബ് ഫിറ്റിങ് സെൻ്ററുകളുടെ പ്രവർത്തനം നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് 30 ലക്ഷം രൂപയും,തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ലിംബ് ഫിറ്റിങ് യൂണിറ്റിനോടും , പി.എം.ആർ യൂണിറ്റിനോടും അനുബന്ധിച്ച് സ്പൈനൽ ഇഞ്ചുറി സെൻ്റർ സ്ഥാപിക്കുന്നതിൻ്റെ പ്രവർത്തനങ്ങൾക്കായി 200 ലക്ഷം രൂപയും ,സംസ്ഥാനത്തു നിലവിൽ പ്രവർത്തിച്ചു വരുന്ന ലിംബ് യൂണിറ്റുകളിലേക്ക് ഉപകരണങ്ങൾ-വാങ്ങുന്നതിന് 30 ലക്ഷം രൂപയും, വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കൂടുതൽ ലിംബ് ഫിറ്റിംഗ് സെന്ററുകൾ ആരംഭിക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കാമോ? | | മലപ്പുറം ജില്ലയിലെ തിരൂർ ജില്ലാ ആശുപത്രിയിൽ ലിംബ് ഫിറ്റിങ് സെന്റർ ആരംഭിക്കുന്നതിലേക്കായി 20 ലക്ഷം രൂപ 2018-2019-ൽ വകയിരുത്തിയിട്ടുണ്ട്. |
| (സി) | ലിംബ് ഫിറ്റിംഗ് സെന്ററുകളിൽ പുതിയതായി കോബ്ലർ തസ്തിക സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര? | | നിലവിൽ പരിഗണനയിൽ ഇല്ല . |
| (ഡി) | കോബ്ലർ തസ്തികയിലേക്ക് നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താത്തതിന്റെ കാരണം വെളിപ്പെടുത്താമോ? | (ഡി) | നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടന്നു വരുന്നു. |

**സെക്ഷൻ ഓഫീസർ**